ഉത്തരം

(എ) കുറ്റനിവാരണ രംഗത്ത് താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ മുന്ന് സിറ്റികളിലെ ഫ്ളൈയിംഗ് സ്കാഡ്, കൺട്രോൾ റൂം എന്നിവ വിപുലീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ഡയൽ 100 സംവിധാനത്തോടുകൂടി കൺട്രോൾ റൂം ആരംഭിക്കുകയും 1800 ഹെഡ് കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു. ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്കാഡ്, വനിതാ സെൽ, ക്രൈം സ്റ്റോപ്പർ സംവിധാനം, ക്രൈം മോണിറ്ററിംഗ് റൂം എന്നിവയ്ക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കും വർക്ക് ഷോപ്പുകൾ സംഘടിപ്പിച്ച് പരിശീലനം നൽകുകയും കേരളാ റൈഫിൾസ് 1,2,3 എന്ന പേരിൽ 3 സായുധസേന ബറ്റാലിയനുകൾ രൂപീകരിക്കുകയും തിരുവനന്തപുരം സിറ്റിയിൽ പോലീസ് ഹെൽപ്പ് ലൈൻ സംവിധാനം, നഗരങ്ങളിൽ പാന്തർ പട്രോളിംഗ് സംവിധാനം എന്നിവ നടപ്പിലാക്കുകയും തീവ്രവാദ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച് നൽകുന്നതിന് ക്രൈം ഡിറ്റാച്ചുമെന്റ് ഡി.വൈ.എസ്.പി മാരെ ചുമതലപ്പെടുത്തുകയും പട്ടികജാതി/പട്ടികവർഗ്ഗ സംരക്ഷണ സ്കാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എൻ. സി. ആർ. ബി. 1998-ൽ പ്രസിദ്ധീകരിച്ച പട്ടിക അനുസരിച്ച് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഇൻഡ്യയിൽ ഏറ്റവും സമാധാന അന്തരീക്ഷം നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്നു കാണുന്നു. ദേശീയ ശരാശരി അനുസരിച്ച് 23 സംസ്ഥാനങ്ങളിൽ കൊലപാതക നിരക്ക് കേരളത്തിലേതിനേക്കാൾ കൂടുതലാണ്. ഗുരുതരമായ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ വളരെ കുറഞ്ഞതാണ് കേരളത്തിലെ നിരക്ക്. "രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംബററി സ്റ്റഡീസ്" എന്ന സ്ഥാപനം നടത്തിയ പഠന റിപ്പോർട്ടിൽ രാജ്യത്ത് ഭദ്രമായ ക്രമസമാധാനം നിലനിൽക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പോലീസ് നിഷ്ക്രിയത്വം

66 (1000) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംഘടിതമായി അക്രമവും കൊള്ളയും കൊള്ളിവയ്പും വസ്തു വകകളുടെ നശിപ്പിക്കലും പോലീസിന്റെ മുൻപിൽ വച്ച് നടക്കുമ്പോൾ പോലീസ് എന്തു നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുക, കണ്ണീൽ വാതകം പ്രയോഗിക്കുക, വെടിവയ്ക്കുക എന്നിവ ചെയ്യാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംഘടിതമായ അക്രമം, കൊള്ള, കൊള്ളിവയ്പ്, വസ്തുവകകളുടെ നശിപ്പിക്കൽ എന്നീ കുറ്റകൃത്യങ്ങൾ പോലീസിന്റെ മുൻപിൽവച്ച് എവിടെയെല്ലാം നടന്നിട്ടുണ്ട് ;

(ഡി) അത്തരം സന്ദർഭങ്ങളിൽ കുറ്റകൃത്യം തടയുന്നതിനായി എവിടെയെല്ലാം പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയോ കണ്ണീർ വാതകം പ്രയോഗിക്കുകയോ വെടിവയ്പ് നടത്തുകയോ ചെയ്തിട്ടുണ്ടോ ;

(ഇ) അത്തരം കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ എവിടെയെല്ലാം പോലീസ് കാഴ്ചക്കാരായി നിന്നു എന്ന് ആക്ഷേപമുണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഇ) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും യുക്തവും അവസരോചിതവുമായ എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്. സംസ്ഥാനത്തെ ചില ജില്ലകളിൽ അക്രമ പ്രവർത്തനങ്ങൾ ഉണ്ടായപ്പോൾ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് ആകാശത്തേയ്ക്ക് വെടിവയ്ക്കുകയും ലാത്തിചാർജ്ജ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ പോലീസ് നിഷ്ക്രിയത്വം പാലിച്ചിട്ടില്ല. നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിച്ച് സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കുകയും ക്രമസമാധാനനില പരിപാലിക്കുകയും ചെയ്തിട്ടുണ്ട്.

നിരോധനാജ്ഞ

67 (1001) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എവിടെയെല്ലാം കർഫ്യൂ പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ എവിടെയെല്ലാം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) ഈ കാലയളവിൽ എവിടെയെല്ലാം 144 പ്രഖ്യാപിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കർഫ്യൂ പ്രഖ്യാപിച്ചിട്ടില്ല.

(ബി & സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നിരോധനാജ്ഞയും 144-ഉം എവിടെയെല്ലാം പ്രഖ്യാപിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം - XVII

LIBRARY ARCHIVES Kerala Legislative Assembly